**പതിനാലാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2066 — 08.03.2018-ലെ മറുപടിയ്ക്ക്

## സ്പോർട്സ് ഹോസ്റ്റലുകളുടെയും സ്പോർട്സ് സ്കൂളുകളുടെയും പ്രവർത്തനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ<br>,,വി.പി.സജീന്ദ്രൻ<br>,,പി.ടി.തോമസ്<br>,,അനൂപ് ജോക്കബ്** | | **ശ്രീ.എ.സി.മൊയ്തീൻ**<br>ബഹു.വ്യവസായവും വാണിജ്യവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | സംസ്ഥാനത്തെ സ്പോർട്സ് ഹോസ്റ്റലുകളുടെ നിലവിലെ സ്ഥിതി അവലോകനം ചെയ്തിട്ടുണ്ടോ; ഹോസ്റ്റലുകളിൽ നൽകുന്ന ഭക്ഷണത്തെക്കുറിച്ചും മറ്റ് സൗകര്യങ്ങളെക്കുറിച്ചും ഉണ്ടാകുന്ന വ്യാപക പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നിയന്ത്രണത്തിൽ വിവിധ ജില്ലാ സ്പോർട്സ് കൗൺസിലുകളുടെ കീഴിൽ പ്രവർത്തിച്ചു വരുന്ന സെൻട്രലൈസ്ഡ്/ സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകളുടെ സ്ഥിതിയും പ്രവർത്തനവും പരിശോധിക്കുന്നതിനായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ അഡ്മിനിസ്ട്രേറ്റീവ് ബോർഡിലെ ബന്ധപ്പെട്ട ജില്ലയെ പ്രതിനിധീകരിക്കുന്ന അംഗത്തിന്റെ നേതൃത്വത്തിൽ അതാത് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, സെക്രട്ടറി, ജില്ലാ സ്പോർട്സ് ഓഫീസർ എന്നിവർ അടങ്ങിയ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റി അതാത് ജില്ലകളിലെ സ്പോർട്സ് ഹോസ്റ്റലുകൾ പരിശോധിച്ച് വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | കായിക വകുപ്പിന് കൈമാറിയ മൈലം ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ | (ബി) & (സി) | പ്രസ്തുത സ്പോർട്സ് സ്കൂളുകളുടെ ഭരണ നിയന്ത്രണ ചുമതല കായിക വകുപ്പ് ഏറ്റെടുത്തതിനുശേഷം ഈ സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് ദേശീയ അന്തർദേശീയ മത്സരങ്ങളിൽ മികച്ച പ്രകടനം കാഴ്ച വയ്ക്കാൻ കഴിയുംവിധം ലോകോത്തര നിലവാരത്തിലുള്ള പരിശീലനവും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന്റെ ഭാഗമായി മികച്ച |

| | | | |
|---|---|---|---|
| | എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | | കായിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. കൂടുതൽ കായിക ഉപകരണങ്ങൾ വാങ്ങുന്നതിനായുള്ള നടപടികളും കൈക്കൊണ്ടുവരുന്നു. രണ്ടു സ്കൂളുകളിലേയും ഹോസ്റ്റലുകൾ, അടുക്കള, ടോയ് ലെറ്റ് എന്നിവയുടെ നവീകരണം, കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡെസ്ക്, കട്ടിലുകൾ,കിടക്ക മുതലായ സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | സ്പോർട്സ് സ്കൂളുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | | ഈ സ്കൂളുകളിലെ പഠന നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി ഇന്ററാക്ടീവ് ക്ലാസ്സ് റൂം ഒരുക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. കൂടാതെ അറ്റൻഡൻസ് മാനേജ്മെന്റ് സിസ്റ്റം, സി.സി.ടി.വി എന്നിവ സ്ഥാപിക്കുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.<br>കായിക അദ്ധ്യാപകരുടെ കുറവ് നികത്തുന്നതിനായി ഓരോ കായിക ഇനത്തിലും ആവശ്യമായ കായിക അദ്ധ്യാപകരെ നിയമിക്കുന്നത് സർക്കാർ പരിശോധിച്ചു വരികയാണ്. കൂടാതെ ജി.വി.രാജാ സ്പോർട്സ് സ്കൂളിലെ 2 ബാസ്കറ്റ്ബോൾ കോർട്ട്, ഇൻഡോർ ഹാൾ, ഹോക്കി കോർട്ട്, വോളിബോൾ കോർട്ട് എന്നിവയുടെ നവീകരണങ്ങൾ നടന്നു വരുന്നു.<br>ജി.വി.രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവടങ്ങളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം, കായിക മികവ് എന്നിവ ഉയർത്തുന്നതിനായി തയ്യാറാക്കിയ 'കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം' നടപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. പ്രസ്തുത സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുമായി നടപ്പ് സാമ്പത്തിക വർഷം 1966 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**